മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 22

# വാർത്താക്കുറിപ്പ്

## പ്രൊഫ. റുഡോൾഫിന് ചെയർ പ്രഫസർ പദവി

ഫ്രഞ്ച് ദേശീയ ശാസ്ത്ര ഗവേഷണ കേന്ദ്രത്തിന്റെ (സി. എൻ. ആർ . എസ്) കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈറ്റ് ആന്റ് മാറ്ററിലെ ഗവേഷണ വിഭാഗം ഡയറക്ടർ പ്രൊഫ. റഡോൾഫ് അന്റോയിനിനെ മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി ചെയർ പ്രൊഫസർ പദവി നൽകി ആദരിക്കുന്നു. സർവ്വകലാശാല ആസ്ഥാനത്തെ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് ഓഡിറ്റോറിയത്തിൽ നാളെ (മാർച്ച് 24) ഉച്ച തിരിഞ്ഞ് 3.30 ന് നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. നാനോ ക്ലസ്റ്ററുകൾ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ തുടർ ദിവസങ്ങളിൽ നടക്കും.

ഫോട്ടോ ക്യാപ്ഷൻ: പ്രൊഫ. റുഡോൾഫ് അന്റോയിൻ

(പി.ആർ.ഒ./39/344/2022)

## അപേക്ഷാ തീയതി

ആറാം സെമസ്റ്റർ ബി.എ./ ബി.കോം. (സി.ബി.സി.എസ്. 2019 അഡ്മിഷൻ - റെഗുലർ / 2018, 2017 അഡ്മിഷൻ - റീ-അപ്പിയറൻസ്) പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 30 വരെയും 525 രൂപ പിഴയോടു കൂടി ഏപ്രിൽ ഒന്ന് വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ രണ്ടിനും അപേക്ഷിക്കാം. 135 രൂപ പ്രൊവിഷണൽ സർട്ടിഫിക്കറ്റിനും പേപ്പറൊന്നിന് 35 രൂപ നിരക്കിൽ പരമാവധി 210 രൂപ സി.വി. ക്യാമ്പ് ഫീസായും പരീക്ഷാഫീസിന് പുറമേ അടക്കണം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/345/2022)

## പരീക്ഷാ ഫലം

2021 ഏപ്രിലിൽ നടന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ. (മോഡൽ I, II, III - 2013-2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ഏപ്രിൽ ആറ് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/346/2022)

2021 ഏപ്രിലിൽ നടന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്.സി. (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ഏപ്രിൽ ആറ് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/347/2022)

2021 ഏപ്രിലിൽ നടന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം. (മോഡൽ I, II, III - 2013-16 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ഏപ്രിൽ ആറ് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/348/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ